**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1666** **13-02-2025 - ൽ മറുപടിയ്ക്ക്**

**ശാന്തൻപാറ ഗവ. കോളേജ് വികസനത്തിന് ഭൂമി ലഭ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ വികസനത്തിന് ആവശ്യമായ അഞ്ച് ഏക്കർ സ്ഥലം ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിലവിൽ 3.43 ഏക്കർ സ്ഥലം ശാന്തൻപാറ ഗവ. ആർട്സ് & സയൻസ് കോളേജിന് ഏറ്റെടുത്തിട്ടുണ്ടെങ്കിലും യു.ജി.സി മാനദണ്ഡപ്രകാരമുള്ള അധിക ഭൂമി കണ്ടെത്തുന്നതിന് കോളേജിന് സമീപത്ത് ലഭിക്കാൻ സാധ്യതയുള്ള സർക്കാർ ഭൂമി റവന്യൂ അധികൃതർ സന്ദർശിച്ചതിൽ ശാന്തൻപാറ വില്ലേജിലെ ശാന്തൻപാറ താവളത്തിൽ സർവ്വേ 34/1 ൽപെട്ട 29.0055 ഹെക്ടറിൽ നിന്നും ചെങ്ങറ ഭൂസമരക്കാർക്ക് നീക്കി വച്ചിട്ടുള്ള ഭൂമിയും നിലവിലുള്ള പട്ടയ കക്ഷികളുടെ വസ്തുവും ഒഴിവാക്കി ശാന്തൻപാറ ഗവ. ആർട്സ് & സയൻസ് കോളേജിനുവേണ്ടി 5 ഹെക്ടർ വസ്തു അനുവദിക്കാവുന്നതാണെന്ന് കണ്ടെത്തി. ടി സർവ്വെ നമ്പരിൽപ്പെട്ട ഭൂമി അടിക്കാട് വളർന്ന് അകത്തു പ്രവേശിക്കാനാവാത്ത വിധം കിടക്കുന്നതിനാൽ വെട്ടിത്തെളിച്ച് തിട്ടപ്പെടുത്തണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയത് വെട്ടിതെളിച്ച് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ? | (ബി) | നിലവിൽ 3.43 ഏക്കർ സ്ഥലം ശാന്തൻപാറ ഗവ. ആർട്സ് & സയൻസ് കോളേജിന് ഏറ്റെടുത്തിട്ടുണ്ടെങ്കിലും യു.ജി.സി മാനദണ്ഡപ്രകാരമുള്ള അധിക ഭൂമി കണ്ടെത്തുന്നതിന് കോളേജിന് സമീപത്ത് ലഭിക്കാൻ സാധ്യതയുള്ള സർക്കാർ ഭൂമി റവന്യൂ അധികൃതർ സന്ദർശിച്ചതിൽ ശാന്തൻപാറ വില്ലേജിലെ ശാന്തൻപാറ താവളത്തിൽ സർവ്വേ 34/1 ൽപെട്ട 29.0055 ഹെക്ടറിൽ നിന്നും ചെങ്ങറ ഭൂസമരക്കാർക്ക് നീക്കി വച്ചിട്ടുള്ള ഭൂമിയും നിലവിലുള്ള പട്ടയ കക്ഷികളുടെ വസ്തുവും ഒഴിവാക്കി ശാന്തൻപാറ ഗവ. ആർട്സ് & സയൻസ് കോളേജിനുവേണ്ടി 5 ഹെക്ടർ വസ്തു അനുവദിക്കാവുന്നതാണെന്ന് കണ്ടെത്തി. ടി സർവ്വെ നമ്പരിൽപ്പെട്ട ഭൂമി അടിക്കാട് വളർന്ന് അകത്തു |

| | | | |
|---|---|---|---|
| | | | പ്രവേശിക്കാനാവാത്ത വിധം കിടക്കുന്നതിനാൽ വെട്ടിത്തെളിച്ച് തിട്ടപ്പെടുത്തണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയത് വെട്ടിതെളിച്ച് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ